ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** | **DATE: 29.06.2026**

## പ്രധാനവാർത്തകൾ

1. സ്ത്രീ സുരക്ഷാ പദ്ധതി വിഷയം നിയമസഭയിൽ ഉന്നയിച്ച് പ്രതിപക്ഷം. കൃത്യമായി പരിശോധിക്കാതെ പദ്ധതിയിൽ തീരുമാനമെടുക്കാൻ സാധിക്കില്ലെന്ന് മുഖ്യമന്ത്രി.
2. ശബരിമല സ്വർണ അപഹരണ കേസിൽ പ്രത്യേക അന്വേഷണ സംഘം ഹൈകോടതിയിൽ സമഗ്ര റിപ്പോർട്ട് സമർപ്പിച്ചു. ദേവസ്വം ബോർഡ് മുൻ പ്രസിഡൻറ് പി.എസ്. പ്രശാന്തിന് പങ്കുണ്ടെന്ന് എസ് ഐ ടി.
3. മുല്ലപ്പെരിയാർ വിഷയത്തിൽ ഇരുസംസ്ഥാനങ്ങളുടേയും ആവശ്യങ്ങൾ ഒരുപോലെ പരിഗണിക്കുമെന്ന് പാർലമെൻററി സമിതി.
4. രാജ്യത്തെ ആംബുലൻസ് സേവനങ്ങളുടെ ഏകീകരണം ലക്ഷ്യമിട്ടുള്ള മാർഗരേഖ പുറത്തിറക്കി കേന്ദ്ര സർക്കാർ.
5. സംസ്ഥാനത്ത് മഴ ശക്തി പ്രാപിക്കുന്നു. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.
6. ഫിഫ ലോകകപ്പ് നോക്കൗട്ട് പോരാട്ടത്തിൽ ബ്രസീൽ ഇന്ന് ജപ്പാനെ നേരിടും.

RNU TVPM

## രാഷ്ട്രപതി

ദേശീയ ധീരതാ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിച്ചു. ധീരതാ പുരസ്കാരങ്ങളുടെ രണ്ടാം ഘട്ട വിതരണമാണ് ഇന്ന് രാഷ്ട്രപതി ഭവനിൽ നടന്നത്. പ്രതിരോധ സേനകൾ, കേന്ദ്ര സായുധ പോലീസ് സേനകൾ, സംസ്ഥാന - കേന്ദ്രഭരണ പ്രദേശങ്ങളിലെ പോലീസ് എന്നിവയിലെ ഉദ്യോഗസ്ഥർക്ക് അവാർഡുകൾ ശ്രീമതി മുർമു കൈമാറി.

## നിയമസഭ

സംസ്ഥാനത്ത് സ്ത്രീ സുരക്ഷാ പദ്ധതി പ്രകാരമുള്ള ധനസഹായം മൂന്ന് മാസമായി മുടങ്ങിക്കിടക്കുന്ന വിഷയം നിയമസഭയിൽ ഉന്നയിച്ച് പ്രതിപക്ഷം. ഈ വിഷയത്തിൽ കൊണ്ടുവന്ന അടിയന്തര പ്രമേയ നോട്ടീസിന് സ്പീക്കർ അനുമതി നിഷേധിച്ചെങ്കിലും മറ്റ് നടപടികളുമായി പ്രതിപക്ഷ അംഗങ്ങൾ പൂർണമായി സഹകരിച്ചു. പ്രതിപക്ഷത്ത് നിന്ന് എ.സി മൊയ്തീനാണ് അടിയന്തര പ്രമേയ നോട്ടീസ് നൽകിയത്. കൃത്യമായി പരിശോധിക്കാതെ പദ്ധതി സംബന്ധിച്ച് തീരുമാനം എടുക്കാൻ സാധിക്കില്ലെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ വ്യക്തമാക്കി. മുഖ്യമന്ത്രിയുടെ മറുപടിയെത്തുടർന്ന് സ്പീക്കർ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുകയായിരുന്നു. ധനബില്ല് പാസാക്കുന്നതിനായി സഭ നാളെ വീണ്ടും ചേരും.

PRD TVPM

## ശബരിമല കേസ്

ശബരിമല സ്വർണ അപഹരണ കേസിൽ പ്രത്യേക അന്വേഷണ സംഘം ഹൈകോടതിയിൽ സമഗ്ര റിപ്പോർട്ട് സമർപ്പിച്ചു. കേസിൽ ദേവസ്വം ബോർഡ് മുൻ പ്രസിഡൻറ് പി.എസ്.

പ്രശാന്തിൻറെ പങ്കിന് തെളിവുകളുണ്ടന്ന് പ്രത്യേക അന്വേഷണ സംഘം അറിയിച്ചു. ആകെ 7 പ്രതികളാണ് ഉള്ളത്. കേസ് ജൂലൈ 20-ന് വീണ്ടും പരിഗണിക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

<u>മുല്ലപ്പെരിയാർ ഇൻട്രോ)</u>

കേന്ദ്ര ജലശക്തി മന്ത്രാലയത്തിൻറെ പാർലമെൻററി സമിതി യോഗം ഇടുക്കിയിലെ ആനച്ചാലിൽ ചേർന്നു. മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തിൻറെയും തമിഴ്നാടിൻറെയും ആവശ്യങ്ങൾ ഒരുപോലെ പരിഗണിക്കുമെന്ന് സമിതി അധ്യക്ഷനും ലോക്സഭാംഗവുമായ രാജീവ് പ്രതാപ് റൂഡി പറഞ്ഞു.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**

(വോയിസ്)

PNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

<u>ഹൈക്കോടതി - ഏറ്റുമാനൂർ</u>

ഏറ്റുമാനൂർ മഹാദേവക്ഷേത്രത്തിലെ സ്വർണാപഹരണ കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് വിജിലൻസ് അന്വേഷണത്തിന് ഹൈക്കോടതി ഉത്തരവിട്ടു. ക്ഷേത്ര രജിസ്റ്ററുകളും ഏഴരപ്പൊന്നാനയും പരിശോധിക്കും. ഇത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് ചീഫ് വിജിലൻസ് ആൻഡ് സെക്യൂരിറ്റി ഓഫീസർക്ക് കോടതി നിർദേശം നൽകി.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## സെൻസസ് (ഇൻട്രോ)

സെൻസസ് 2027 ൻറെ ഭാഗമായി പൊതുജനങ്ങൾക്ക് സ്വന്തമായി വിവരങ്ങൾ രേഖപ്പെടുത്താനുള്ള സെൽഫ് എന്യൂമറേഷന് നാളെ കൂടി അവസരം. se.census.gov.in എന്ന പോർട്ടലിലാണ് വിവരങ്ങൾ സമർപ്പിക്കേണ്ടത്. ജൂലൈ ഒന്ന് മുതൽ വീടുകൾ തോറുമുള്ള വിവരശേഖരണം തുടങ്ങും.
സെൻസെസ് ബോധവത്കരണത്തിൻറെ ഭാഗമായി

പത്തനംതിട്ട ജില്ലയിൽ ഇന്ന് സെൽഫ് എന്യുമറേഷൻ ഡേ ആചരിച്ചു.

**ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ തയ്യാറാക്കിയ റിപ്പോർട്ട്....**

(വോയിസ്)

RNUTVPM

## നഗരസഭ - പ്രതിഷേധം

തിരുവനന്തപുരം നഗരസഭാ കൗൺസിൽ യോഗത്തിൽ ഹാജർ ബുക്കിൽ ഒപ്പിടുന്നതുമായി ബന്ധപ്പെട്ട് കോൺഗ്രസ്-ബിജെപി കൗൺസിലർമാർ പരസ്പരം ഏറ്റുമുട്ടി. ബിജെപി കൗൺസിലർമാർ ഹാജർ ബുക്ക് മാറ്റിവെക്കാൻ ശ്രമിച്ചു എന്നാരോപിച്ചാണ് യോഗത്തിൽ പ്രതിഷേധം തുടങ്ങിയത്. ഇതെ തുടർന്ന് ഇരു പാർട്ടികളുടേയും ജനപ്രതിനിധികൾ തമ്മിൽ വാക്കേറ്റം ഉണ്ടായി. കോൺഗ്രസ് കൗൺസിലർമാർ ഹാജർ ബുക്ക് കൈയടക്കിവെക്കാൻ ശ്രമിച്ചതാണ് പ്രശ്നങ്ങൾക്ക് തുടക്കമിട്ടതെന്ന് ബിജെപി ആരോപിച്ചു.

## ക്രിക്കറ്റ് കോച്ച്

ക്രിക്കറ്റ് പരിശീലനത്തിന് എത്തിയ വിദ്യാർത്ഥിനിയെ പീഡിപ്പിച്ച കേസിൽ പരിശീലകനായ പ്രതി മനു എമ്മിന് നാലാമത്തെ കേസിൽ ഇരുപത്തി എട്ടു വർഷം കഠിന തടവ് ശിക്ഷ വിധിച്ച് തിരുവനന്തപുരം അതിവേഗ പ്രത്യേക പ്രത്യേക കോടതി. 54,000 രൂപ പിഴ വിധിച്ചു. മുൻപ് വിധി പ്രസ്താവിച്ച മൂന്ന് കേസിലെയും ശിക്ഷ കാലാവധിക്ക് ശേഷമേ ഈ കേസിലെ ശിക്ഷ ആരംഭിക്കുകയുള്ളൂ എന്നും വിധിന്യായത്തിൽ പറയുന്നു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## സിബിഎസ്ഇ.

സ്കൂളുകളിലെ ത്രിഭാഷാ പഠന നയം നിലവിലെ പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക്
ബാധകമായിരിക്കില്ലെന്ന് സിബിഎസ്ഇ. ഇത് സംബന്ധിച്ച് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ ബോർഡ് പുറപ്പെടുവിച്ചു. നിലവിൽ ഏഴ്, എട്ട്, ഒൻപത് ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾ പത്താം ക്ലാസിൽ എത്തുമ്പോൾ മൂന്നാം ഭാഷയിൽ ബോർഡ് പരീക്ഷ എഴുതേണ്ടതില്ലെന്നും സിബിഎസ്ഇ വ്യക്തമാക്കി .

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## മഴ-കേരളം

സംസ്ഥാനത്ത് മഴ ശക്തി പ്രാപിക്കുന്നു. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. കണ്ണൂരും കാസർഗോഡും നാളെയും ഓറഞ്ച് ജാഗ്രതയാണ്. ലക്ഷദ്വിപ് തീരങ്ങളിൽ ശക്തമായ കാറ്റ് വീശാൻ സാധ്യതയുള്ളതിനാൽ ദ്വീപ് നിവാസികൾ ജാഗ്രത പാലിക്കണമെന്ന് നിർദേശമുണ്ട്. കേരളം -

കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

**<u>കണ്ണൂർ മഴ (ഇന്ട്രോ)</u>**

കണ്ണൂരിൽ വ്യാപക മഴ. ജലസംഭരണികളിൽ ജലനിരപ്പ് ഉയരുകയാണ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ. ഒ.ശശിധരൻ.**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

**<u>ഷിഗല്ല</u>**

സംസ്ഥാനത്ത് ആറ് പേർക്ക് കൂടി ഷിഗെല്ല രോഗബാധ സ്ഥിരീകരിച്ചു. കോഴിക്കോട്, മലപ്പുറം സ്വദേശികളാണ് ഇവർ. ജൂൺ മാസത്തിൽ 197 പേർക്കാണ് രോഗബാധ റിപ്പോർട്ട് ചെയ്തത്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

**<u>വള്ളംകളി</u>**

ചമ്പക്കുളം മൂലം വള്ളംകളിയിൽ അരോമ ചുണ്ടൻ ജേതാക്കൾ. ഈ വർഷം നീറ്റിലറക്കിയ അരോമ ചുണ്ടൻ്റെ ആദ്യ മത്സരമാണിത്. നടുഭാഗം ചുണ്ടനാണ് രണ്ടാം സ്ഥാനം. നടുവിലേ പറമ്പൻ മൂന്നാം സ്ഥാനവും നേടി.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ദേശീയ ആംബുലൻസ് പ്രവർത്തന മാർഗരേഖ (ഇൻട്രോ)

രാജ്യത്തെ ആംബുലൻസ് സേവനങ്ങൾ ഏകീകരിക്കാനും അടിയന്തര ആരോഗ്യ ഗതാഗത സംവിധാനങ്ങൾ ശക്തിപ്പെടുത്താനും ലക്ഷ്യമിട്ട് മാർഗരേഖ പുറത്തിറക്കി കേന്ദ്ര സർക്കാർ.

വിശദാംശങ്ങളിലേക്ക്.......

(വോയിസ്)

## ദേശീയ ആംബുലൻസ് പ്രവർത്തന മാർഗരേഖ (വോയിസ്)

രാജ്യത്തെ ആംബുലൻസ് സേവനങ്ങളുടെ ഗുണനിലവാരം, ലഭ്യത, കാര്യക്ഷമത, പ്രതികരണ ശേഷി എന്നിവ ഉറപ്പാക്കാൻ ഏകീകൃത മാനദണ്ഡങ്ങൾ സ്ഥാപിക്കുകയാണ് പ്രവർത്തന മാർഗരേഖയുടെ ലക്ഷ്യം. ആംബുലൻസുകളുടെ തരംതിരിക്കൽ, ജനസംഖ്യാ അടിസ്ഥാനത്തിൽ വിന്യാസവും ആസൂത്രണവും, മനുഷ്യവിഭവശേഷിയുടെ ആവശ്യകത, ഉപകരണങ്ങൾ, മരുന്നുകൾ, പരിശീലനം എന്നിവ ഇതിൽ ഉൾപ്പെടുന്നു. എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ആംബുലൻസ് സേവനങ്ങളെ 112 എന്ന ഏകീകൃത അടിയന്തര പ്രതികരണ നമ്പറുമായി ക്രമാനുഗതമായി സംയോജിപ്പിക്കും. പ്രവർത്തന മാർഗരേഖ രാജ്യത്തിൻറെ അടിയന്തര ആരോഗ്യ പരിപാലന സംവിധാനം ശക്തിപ്പെടുത്തുന്നതിൽ സുപ്രധാന നാഴികക്കല്ലായി മാറും.

ന്യൂസ് ഡെസ്ക് ആകാശവാണി.

## ഫിഫ

ഫിഫ ലോകകപ്പ് നോക്കൗട്ട് പോരാട്ടത്തിന് ബ്രസീൽ ഇന്നിറങ്ങും. ടെക്സാസിലെ ഹൂസ്റ്റൺ സ്റ്റേഡിയത്തിൽ ഇന്ത്യൻസമയം

RNUTVPM

രാത്രി 10.30ന് ആരംഭിക്കുന്ന മത്സരത്തിൽ ഏഷ്യൻ കരുത്തരായ ജപ്പാനാണ് എതിരാളികൾ. നാളെ പുലർച്ചെ രണ്ടിന് ജർമനി പരാഗ്വേയുമായി ഏറ്റുമുട്ടും.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## കക്കാത്തോട് പിടിച്ചെടുത്തു

കോട്ടയത്ത് അനധികൃതമായി കടത്താൻ ശ്രമിച്ച 20 ടൺ കക്കാത്തോട് ഫിഷറീസ് ഉദ്യോഗസ്ഥർ പിടിച്ചെടുത്തു. രേഖകളില്ലാതെ വൈക്കം ടി.വി. പുരത്തുനിന്ന് കൊണ്ടുപോകാൻ ശ്രമിച്ച ലോഡാണ് ഉദ്യോഗസ്ഥർ കുലശേഖരമംഗലത്തു വാഹനം പിന്തുടർന്നു പിടിച്ചെടുത്തത്. 40,000 രൂപ പിഴയും ഈടാക്കി.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸

RNUTVPM